

# 30–ാ മത് പൂതംകുറ്റി സെന്റ് മേരീസ്
# കൺവെൻഷനും എട്ട് നോമ്പ് പെരുന്നാളും



## 2013 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ തീയതികളിൽ

## അനുഗ്രഹങ്ങളുടെ കലവറയായ പൂതംകുറ്റി പള്ളി

അങ്കമാലി ഭദ്രാസനത്തിന്റെയും എറണാകുളം ജില്ലയുടെയും വടക്കേ അറ്റത്ത് ചാലക്കുടി പുഴയുടെത്തീരത്ത് സ്ഥിതിചെയ്യുന്ന പൂതംകുറ്റി സെന്റ് മേരീസ് പള്ളി അശരണരുടേയും ആലംബഹീനരുടേയും അഭയ സ്ഥാനമാണ്. നാനാജാതി മതസ്ഥരായ അനേകം ആളുകൾ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് രോഗശാന്തിയും സമാധാനവും സന്തോഷവും പ്രാപിക്കുന്നു. മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പള്ളിയിൽ ഭജനയിരുന്ന് പ്രാർത്ഥിക്കൽ, തൂക്കപാച്ചോർ നേർച്ച എന്നിവയാണ് മുഖ്യ വഴിപാടുകൾ. ഭജനയിരുന്ന് പ്രാർത്ഥിക്കുന്നവർക്ക് ഭക്ഷണവും താമസ സൗകര്യവും പള്ളിയിൽ ക്രമീകരിച്ചിട്ടുണ്ട്. തന്നോടപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവിന്റെ സന്നിധിയിൽ അനേകം പേർ നേർച്ച കാഴ്ച്ചകളോടെ എത്തുന്നു. എട്ടുനോമ്പ് പെരുന്നാളിൽ എല്ലാ ദിവസ്സവും രാവിലെ വി.കുർബ്ബാനയും പകൽ ധ്യാനയോഗങ്ങളും വൈകീട്ട് സന്ധ്യാപ്രാർത്ഥനയും സുവിശേഷയോഗങ്ങളും അനുഗ്രഹകരമായി നടത്തുന്നു. എല്ലാദിവസവും അഭിവന്ദ്യ പിതാക്കൻമാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽക്കുന്നു.

ഇവിടുത്തെ കൺവെൻഷൻ ഏക്യൂമിനിക്കൽ കൺവെൻഷനായിട്ടാണ് നടന്ന് വരുന്നത്. വിവിധ ക്രൈസ്തവ സഭകളുടെ പിതാക്കന്മാരും വൈദീകരും സന്യസ്തരും കൺവെൻഷനിൽ സന്ദേശം നൽകിവരുന്നു.

നാനാജാതി മതസ്ഥരായ ആളുകൾ ഓഹരികളെടുത്താണ് പെരുന്നാൾ നടത്തുന്നത്.

**ഓഹരികളും വഴിപാടുകളും വികാരി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി പൂതംകുറ്റി, താബോർ പി.ഒ., പിൻ – 683 577, അങ്കമാലി.**

പ്രിയരെ,

വി.ദൈവമാതാവിന്റെ അനുഗ്രഹദായകമായ വി.സൂനോറോ സ്ഥാപിതമായത് മുതൽ മലങ്കര സഭയിലെ മരിയൻ തീർത്ഥാടന കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്ന പൂതംകുറ്റി സെന്റ് മേരീസ് പള്ളിയും എട്ട് നോമ്പ് പെരുന്നാളും കൺവെൻഷനും ഏറെ പ്രസിദ്ധമാണ്. ഇടവക സ്ഥാപനം മുതൽ പെരുന്നാളും, സുവിശേഷ മഹായോഗവും വിപുലമായി നടത്തി വരുന്നു. അത്ഭുതങ്ങളുടെ കലവറയായ വി.ദൈവമാതാവിന്റെ സൂനോറോയുടെ മുൻപിൽ മഹാമദ്ധ്യസ്ഥതയിൽ നോമ്പോടും പ്രാർത്ഥനയോടുംകൂടി അഭയപ്പെടുന്നവർക്ക് അളവില്ലാത്ത അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതായി അനേകർ സാക്ഷിക്കുന്നു.

ഇടവകയുടെ സ്ഥാപകനും നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് മഹനീയ നേതൃത്വം നൽകിവരുന്ന **യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠകാതോലിക്കയും മലങ്കരയുടെ യാക്കോബ് ബുർദ്ധാനായുമായ ഡോ.ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ** ഈ വർഷത്തെ പെരുന്നാൾ പരിപാടികൾക്ക് മഹനീയ നേതൃത്വം നൽകും.

M.J.S.S.A അങ്കമാലി ഡിസ്ട്രിക്കിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ വ്യക്തിത്വ വികസന സെമിനാർ, കോതമംഗലം സെന്റ് ജോൺസ് മിഷന്റെ ആഭിമുഖ്യത്തിൽ ത്രിദിന ആന്തരീക സൗഖ്യധ്യാനം, മർത്തമറിയം വനിതാ സമാജം മേഖലാ കലോത്സവം, വിദ്യാരംഭ ശുശ്രൂഷ തുടങ്ങി വിവിധ പരിപാടികൾ ക്രമീകരിച്ച് വരുന്നു. **അഭിവന്ദ്യരായ ഡോ. എബ്രഹാം മോർ സേവേറിയോസ്, ഗീവർഗ്ഗീസ് മോർ അത്താനാസിയോസ്,ആർച്ച് ബിഷപ്പ് അഭിവന്ദ്യ കുരിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, ഡോ.ഏലിയാസ് മോർ അത്താനാസിയോസ്, യാക്കോബ് മോർ അന്തോണിയോസ്, ഏലിയാസ് മോർ യൂലിയോസ്, സഖറിയാസ് മോർ പോളികാർപ്പസ്, ഡോ.മാത്യൂസ് മോർ അന്തിമോസ്, മോർ ഗ്രേഷ്യൻ മുണ്ടാടൻ എന്നീ തിരുമേനിമാർ** പെരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. പരിപാടികളിൽ ആദ്യന്തം പങ്കെടുക്കുവാൻ ഏവരേയും കർതൃനാമത്തിൽ ക്ഷണിച്ച് കൊള്ളുന്നു.

എന്ന്

**ഫാ.ഏലിയാസ് ഐപ്പ് പാറയ്ക്കൽ, വികാരി**

പൂതംകുറ്റി
16-08-2013

## •••• പെരുന്നാൾ പരിപാടികൾ ••••

**ആഗസ്റ്റ് 31** – കൺവെൻഷൻ ഉദ്ഘാടനം- **അഭി. മോർ ഗ്രേഷ്യൻ മുണ്ടാടൻ** (ബിജ്നോർ രൂപതാ മുൻബിഷപ്പ്) കൺവെൻഷൻ പ്രസംഗം – **ശ്രീ. ജോണി തോളേലി**

**സെപ്റ്റംബർ 1** – മോർ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ ബാവയുടെ ശ്രാദ്ധം വി. കുർബ്ബാന- **അഭി. ആർച്ച് ബിഷപ്പ് കുരിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത** 10.30ന് കുട്ടികളുടെ വ്യക്തിത്യ വികസന സെമിനാർ M.J.S.S.A. അങ്കമാലി ഡിസ്ട്രിക്കിന്റെ ആഭിമുഖ്യത്തിൽ – 6ന് സന്ധ്യാ പ്രാർത്ഥന കൺവെൻഷൻ പ്രസംഗം.

**സെപ്റ്റംബർ 2** – വി.കുർബ്ബാന 10.30ന് കോതമംഗലം സെന്റ് ജോൺസ് മിഷന്റെ നേതൃത്വത്തിൽ ത്രിദിന ആന്തരീക സൗഖ്യധ്യാനം 6ന് സന്ധ്യാപ്രാർത്ഥന, അനുഗ്രഹപ്രഭാഷണം **അഭി. ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത.** കൺവെൻഷൻ പ്രസംഗം **റവ.ഫാ.പൗലോസ് പാറേക്കര കോർഎപ്പിസ്കോപ്പ**

**സെപ്റ്റംബർ 3** – വി.കുർബ്ബാന 10.30ന് ധ്യാനം തുടരുന്നു. 6ന് സന്ധ്യാ പ്രാർത്ഥന, അനുഗ്രഹ പ്രഭാഷണം **ശ്രേഷ്ഠ കാതോലിക്ക ബാവ.** കൺവെൻഷൻ പ്രസംഗം. **റവ. ഫാ. എൽദോസ് കല്ലറയ്ക്കൽ.**

**സെപ്റ്റംബർ 4** – വി.കുർബ്ബാന 10.30ന് ആന്തരീക സൗഖ്യധ്യാനം സമാപനം 6ന് സന്ധ്യാ പ്രാർത്ഥന അനുഗ്രഹ പ്രഭാഷണം **അഭി. ഡോ.ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത** കൺവെൻഷൻ പ്രസഗം **റവ.ഫാ നെൽസൺ ജോബ്**

**സെപ്റ്റംബർ 5** – വി.കുർബ്ബാന 10.30ന് അങ്കമാലി മേഖല മർത്തമറിയം വനിതാ സമാജം മേഖലാ കലോത്സവം 6ന് സന്ധ്യാ പ്രാർത്ഥന, അനുഗ്രഹ പ്രഭാഷണം **അഭി. ഡോ.എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത** കൺവെൻഷൻ പ്രസംഗം **റവ.ഫാ എബി വർക്കി.**

**സെപ്റ്റംബർ 6** – വി.കുർബ്ബാന 6ന് സന്ധ്യാപ്രാർത്ഥന അനുഗ്രഹ പ്രഭാഷണം **അഭി. ഡോ.മാത്യൂസ് മോർ അന്തിമോസ് മെത്രാപ്പോലീത്ത.** കൺവെൻഷൻ പ്രസംഗം **വെ.റവ.ജോർജ്ജ് മാന്തോട്ടം കോർഎപ്പിസ്ക്കോപ്പ.**

**സെപ്റ്റംബർ 7** – വി.ദൈവമാതാവിന്റെ ആദ്യശനിയാചരണം, വി.മൂന്നിൻമേൽ കുർബ്ബാന **അഭി. ഗീവർഗ്ഗീസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത** 5ന് പാച്ചോർ തുലാഭാരം, സന്ധ്യാപ്രാർത്ഥന, പ്രദക്ഷിണം, **വി.സൂനോറോ പുറത്തെടുക്കൽ അഭി. സഖറിയാസ് മോർ പോളികാർപ്പസ് മെത്രാപ്പോലീത്ത.**

**സെപ്റ്റംബർ 8** – **പെരുന്നാൾ സമാപനം** വി.മൂന്നിമേൽ കുർബ്ബാന **അഭി. യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്ത** തുടർന്ന് വി.സുനോറോ വണക്കം.

## പാച്ചോർ തുലാഭാരം മുഖ്യ വഴിപാട്

**പൂതംകുറ്റി പള്ളിയിലെ എട്ടുനോമ്പു പെരുന്നാളിൽ സവിശേഷതയാർന്ന വഴിപാടാണ് പാച്ചോർ തുലാഭാരം അഥവാ തൂക്കപാച്ചോർ നേർച്ച സെപ്തംബർ 7 ന് വൈകീട്ട് 5 മണിക്കാണ് വഴിപാട് നടത്തുന്നത്. പള്ളിയുടെ മുഖ മണ്ഡപത്തിൽ പ്രത്യേകം തയ്യാറാക്കുന്ന വേദിയിലാണ് തൂക്കം നടക്കുന്നത്. പ്രത്യേക പ്രാർത്ഥനക്കുശേഷം വി.സുനോറോ പേടകത്തിന് മുമ്പിലെ വിളക്കിൽ നിന്ന് വൈദീകർ കത്തിച്ചുകൊടുക്കുന്ന മെഴുകുതിരികളേന്തി മുഖമണ്ഡപത്തിലെത്തുന്ന നേർച്ചക്കാരെ പ്രായമൂപ്പുക്രമത്തിലാണ് തൂക്കുന്നത്. തുലാസിന്റെ ഒരു തട്ടിൽ നേർച്ചക്കാരനെ ഇരുത്തും. മറുതട്ടിൽ തുല്യതൂക്കത്തിലുള്ള ശർക്കരയും വെയ്ക്കും. ആളുടെ തൂക്കത്തിനനുസരിച്ച് ശർക്കരയും ശർക്കരയുടെ തൂക്കത്തിന്റെ അനുപാതത്തിൽ അരിയും നാളികേരവും ചേർത്ത് പാച്ചോറുണ്ടാകി പെരുന്നാൾ സമാപനത്തിൽ വിശ്വാസികൾക്ക് വിളമ്പും, ഏഴുദിവസവും നോമ്പെടുത്താണ് വിശ്വാസികൾ നേർച്ച നടത്തുന്നത്. പ്രധാനമായും രോഗശാന്തി, മംഗല്യ സൗഭാഗ്യം, സന്താന സൗഭാഗ്യം, സാമ്പത്തീകതകർച്ചയിൽ നിന്നുള്ള മോചനം, മനഃശാന്തി എന്നിവയ്ക്കുവേണ്ടിയാണ് ഈ നേർച്ച നടത്തുന്നത്. ഈ നേർച്ച നടത്തി അത്ഭുതകരമായ അനുഗ്രഹങ്ങൾ ലഭിച്ചതായി നിരവധിപേർ സാക്ഷ്യപ്പെടുത്തുന്നു. സെപ്തംബർ 7–ാം തീയതി രാത്രി ഇടവകക്കാരും നേർച്ചക്കാരും ശ്രമദാനമായിട്ടാണ് പാച്ചോർ പാകം ചെയ്യുന്നത്.**

## വി.സൂനോറോ ദർശനം ആണ്ടിലൊരിക്കൽ മാത്രം

പൂതംകുറ്റി പള്ളിയിൽ മനോഹരമായ പേടകത്തിൽ സ്ഥാപിച്ചിട്ടുള്ള വി.ദൈവമാതാവിന്റെ വി.സുനോറോ പേടകത്തിൽ നിന്ന് പുറത്തെടുക്കുന്നത് ആണ്ടി ലൊരിക്കൽ മാത്രമാണ്. വർഷംതോറും സെപ്റ്റംബർ 7ന് സന്ധ്യാപ്രാർത്ഥനക്കും ഭക്തി നിർഭരമായ പ്രദക്ഷിണത്തിനും ശേഷമാണ് വി.സുനോറോ പുറത്തെടുക്കൽ ചടങ്ങ്. ഈ പള്ളിയിലെ ഏറ്റവും ഭക്തിനിർഭരമായ ചടങ്ങാണിത്. മെഴുകുതിരികൾ കത്തിച്ചുപിടിച്ച് നൂറുകണക്കിന് വിശ്വാസികളുടെ കണ്ഠങ്ങളിൽ നിന്ന് മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന് പ്രാർത്ഥനാ മന്ത്രം ഉയരുമ്പോൾ അനേകം വൈദീകരുടെ നേതൃത്വത്തിൽ വി.സുനോറോ പേടകത്തിൽ നിന്ന് പുറത്തെടുക്കുന്നു.

പള്ളി മണികളുടെ മുഴക്കവും താളമേളങ്ങളുടെയും കതിനാവെടികളുടെ ശബ്ദവും ചടങ്ങിന്റെ പ്രൗഢി വർദ്ധിപ്പിക്കും

വി.മദ്ബഹായിൽ വന്ദനവിന് ശേഷം വി.സുനോറോ പൊതുദർശനത്തിനുവയ്ക്കും. തുടർന്ന് പിറ്റേ ദിവസവും( സെപ്റ്റംബർ 8) വി.കുർബ്ബാന മദ്ധ്യേ ദർശന സൗകര്യം ഉണ്ടായിരിക്കും. പെരുന്നാൾ സമാപിക്കുമ്പോൾ വി.സുനോറോ പേടകത്തിൽ തിരികെ സ്ഥാപിക്കും.